(ഡി) ഉണ്ടെങ്കിൽ എത്രയെല്ലാം സംഖ്യങ്ങൾക്കാണ്;

(ഇ) സഹകരണസംഘങ്ങൾ നടത്തുന്ന ലിഫ്റ്റ് ഇറിഗേഷനിൽ വെള്ളക്കരം ഈടാക്കുന്നതു് കുറവു ചെയ്യുന്നതിനു് കമ്പൻസേഷൻ നൽകാൻ ഗവണ്മെൻറ് തയ്യാറാകുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഗവണ്മെൻറ് നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ശരാശരി ഒരേക്കറിനു് 33 രൂപയോളം ചെലവു വരുന്നു.

(ബി) ഒരേക്കറിനു് ഒരാണ്ടിൽ ഇരുപത്തിയഞ്ചു രൂപ വെള്ളക്കരം ചുമത്തുന്നു.

(സി) ഇല്ല.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) അതിനെപ്പറ്റി ആലോചിക്കാം.

Soil erosion.

* 590. [50] SHRI M. BHASKARAN NAIR: Will the Minister for Agriculture be pleased to state:

(*a*) the steps taken by Government to prevent soil erosion in the State;

(*b*) the amount spent under the scheme;

(*c*) the amount that the Government of India have agreed to contribute towards this scheme and the terms and conditions under which the contribution is to be made;

(*d*) whether there is any idea to extend the working of the scheme to other Taluks where soil erosion is doing havoc to agricultural lands.

Minister for Health (SHRI A. A. RAHIM): (*a*) Government have started a soil conservation project during January 1955 with a view to prevent soil erosion in the State by implementing the required anti-erosion works with a Land Army.

(*b*) The amount spent from 1st January 1955 till the 8th August 1955 is Rs. 95,193.

(*c*) The Government of India have agreed to contribute the entire expenditure as loans. 12½% of the entire amount and the amounts spent under Research and Demonstration will be given as grant. 12½% of the entire expenditure will have to be met by our State Government and the remaining amount namely 75% of the total expenditure will be granted as loans repayable in 15 equated annual instalments, with interest.

LIBRARY ARCHIVES Kerala Legislative Assembly

(*d*) The scheme contemplates the expansion of the activities of this project to all the taluks of the State, especially in the Taluks where soil erosion is doing havoc to agricultural lands.

സംസ്കൃത സ്കൂളുകൾ.

* 591. [52] ശ്രീ. സി. കൊച്ചുകുഞ്ഞു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ എത്ര സംസ്കൃതസ്കൂളുകളുണ്ടു്; എവിടെയെല്ലാം;

(ബി) സംസ്കൃതസ്കൂളുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) * 42. ലിസ്റ്റു് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) 1956–57-ൽ പുതിയ സ്കൂളുകൾ തുറക്കാനുള്ള ആലോചനയില്ല. പക്ഷേ പുതിയ സ്കൂളുകൾക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണു്.

എൻ. ഇ. എസ്സു്. ബ്ലോക്കുകൾ.

* 592. [53] ശ്രീ. കെ. എസ്സു്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കൊല്ലം ഡിവിഷനിൽ ഇതിനോടകം സ്ഥാപിച്ചിട്ടുള്ള എൻ. ഇ. എസ്സു്. ബ്ലോക്കുകൾ എത്ര;

(ബി) ഇനിയും എതെല്ലാം സ്ഥാനങ്ങളിൽ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ആറു് എൻ. ഇ. എസ്സു്. ബ്ലോക്കുകളും, ഒരു ഡെവലപ്പുമെൻറു് ബ്ലോക്കും.

(ബി) † 26 സ്ഥാനങ്ങളിൽ. ഡിലിമിറ്റേഷൻ ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

മാനേജരന്മാർക്കുള്ള നഷ്ടപരിഹാരം.

* 593. (55) ശ്രീ. എം. എ. ആൻറണി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഡിൽസ്കൂൾ ക്ലാസ്സുകളിൽ ഫീസു് ആനുകൂല്യം അനുവദിച്ചതുകൊണ്ടു് മാനേജരന്മാർക്കു് വരുന്ന നഷ്ടം പരിഹരിക്കുവാൻ എന്തു നടപടിയാണു് സ്വീകരിച്ചിരിക്കുന്നതു്;

---

* Please see Appendix No VIII.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly